

പ്രവാചകന്മാർ നേരിൽവന്ന് പ്രബോധനം ചെയ്ത സമൂഹങ്ങൾക്കുമുമ്പിൽ രണ്ടു മാർഗങ്ങളേയുള്ളൂ. ഒന്നുകിൽ പ്രവാചക സന്ദേശം സ്വീകരിച്ചു ജീവിതം സംസ്കരിക്കുക. അല്ലെങ്കിൽ പ്രവാചകനെ തള്ളിപ്പറഞ്ഞുകൊണ്ട് അധർമത്തിന്റെ പാതയിലൂടെ മുമ്പോട്ടുപോയി നാശഗർത്തത്തിൽ പതിക്കുക. പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് ദൈവധിക്കാരത്തിലുറച്ചു നിൽക്കുന്നവരെ ദൈവിക ന്യായം പൂർത്തീകരിക്കപ്പെട്ടു കഴിയുന്ന മുറക്ക് ശിക്ഷിക്കുക അല്ലാഹുവിന്റെ സുന്നത്ത്-നടപടിക്രമമാണ്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ٱقۡتَرَبَ لِلنَّاسِ حِسَابُهُمۡ وَهُمۡ فِي غَفۡلَةٖ مُّعۡرِضُونَ ١

1. ജനത്തിന്റെ വിചാരണാ സമയം അടുത്തെത്തിയിരിക്കുന്നു. അവരോ, അശ്രദ്ധയിലാണ്ട് അതവഗണിക്കുകയാകുന്നു.

مَا يَأۡتِيهِم مِّن ذِكۡرٖ مِّن رَّبِّهِم مُّحۡدَثٍ إِلَّا ٱسۡتَمَعُوهُ وَهُمۡ يَلۡعَبُونَ ٢

2. വിധാതാവിങ്കൽനിന്ന് പുതുതായി ഏതു ഉൽബോധനം വന്നെത്തുമ്പോഴും അവരതു വൈമനസ്യത്തോടെ മാത്രം കേൾക്കുന്നു; വിനോദത്തിലാമഗ്നരായിക്കൊണ്ട്.

لَاهِيَةٗ قُلُوبُهُمۡۗ وَأَسَرُّواْ ٱلنَّجۡوَى ٱلَّذِينَ ظَلَمُواْ هَلۡ هَٰذَآ إِلَّا بَشَرٞ مِّثۡلُكُمۡۖ أَفَتَأۡتُونَ ٱلسِّحۡرَ وَأَنتُمۡ تُبۡصِرُونَ ٣

3. അവർ അന്യഥാമനസ്കരാകുന്നു. അക്രമം ചെയ്തവർ രഹസ്യമായി പരസ്പരം സ്വകാര്യം പറയുന്നു: ഓ, ഇയാൾ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമല്ലെയോ? എന്നിരിക്കെ നിങ്ങൾ കണ്ടുകൊണ്ട് ആഭിചാരക്കെണിയിൽ ചെന്നുചാടുകയോ?

**1**

اقْتَرَبَ = അടുത്തെത്തിയിരിക്കുന്നു
لِلنَّاسِ = ജനങ്ങൾക്ക്, -ളുടെ
حِسَابُهُمْ = അവരുടെ വിചാരണ(ാ സമയം)
وَهُمْ = അവർ(രോ)
فِي غَفْلَةٍ = അശ്രദ്ധയിൽ(ആണ്ട്)
مُّعْرِضُونَ = അവഗണിക്കുന്നവരാ(ണിക്കുകയാ)കുന്നു

പ്രത്യേക ശ്രദ്ധ ക്ഷണിക്കലോ മുഖവുരയോ ഇല്ലാതെയാണ് സൂറഃ സമാരംഭിക്കുന്നത്. നേരത്തെ സൂചിപ്പിച്ചപോലെ മുൻ സൂറഃയുടെ തുടർച്ചയും പൂരകവും എന്ന നിലക്കാണിത്. 'ഞങ്ങളെല്ലാം കാത്തിരിക്കുന്നു, നിങ്ങളും കാത്തിരിക്കുക സന്മാർഗസ്ഥരാരെന്ന് താമസംവിനാ നിങ്ങൾ മനസ്സിലാക്കാൻ പോകുന്നു' എന്നു പറഞ്ഞുകൊണ്ടാണല്ലോ മുൻ സൂറഃ സമാപിച്ചത്. ആ അറിവിന്റെ സമയം ഇതാ അടുത്തെത്തിയിരിക്കുന്നു എന്നുപറഞ്ഞുകൊണ്ടാണ് ഈ സൂറഃ ആരംഭിക്കുന്നത്. സൂക്ഷിച്ചു നോക്കിയാൽ ആ സമാപന വചനവും ഈ പ്രാരംഭ വചനവും ഒരു ശൃംഖലയിലെ പരസ്പരം ചേർന്നുനിൽക്കുന്ന കണ്ണികൾ പോലെയാണെന്നു കാണാം.

ഇവിടെ പരാമർശിച്ച لِلنَّاسِ-ജനങ്ങൾക്കും-حساب-വിചാരണക്കും രണ്ടു മാനങ്ങളുണ്ട്. മനുഷ്യവംശത്തിലെ മുഴുവൻ അംഗങ്ങളും അവരുടെ പാരത്രിക വിചാരണയുമാണ് ഒന്ന്. മനുഷ്യൻ മരിക്കുന്നതോടെ അവന്റെ സമയബന്ധം നഷ്ടപ്പെടുന്നു. മരണ നിദ്രയിൽനിന്ന് ഉണരുന്നത് നേരെ വിചാരണയിലേക്കാണ്. ആ നിലക്ക് സകല മനുഷ്യരുടെയും ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ട സന്ദർഭം അവരുടെ തൊട്ടടുത്തു തന്നെയാണ്. ജീവൻ വെടിയേണ്ട താമസമേ അതിനുള്ളു. രണ്ട്, النّاس മക്കയിലെ അവിശ്വാസികളും, حساب അവരുടെ സത്യനിഷേധത്തിനും പ്രവാചകനോട് ചെയ്തുകൊണ്ടിരിക്കുന്ന ദ്രോഹങ്ങൾക്കും ഈ ലോകത്തു തന്നെ അല്ലാഹു അവരുടെ കണക്കു തീർക്കുന്ന സമയവുമാണ്. രണ്ടു തരം വിചാരണയുടെയും സമയം മനുഷ്യർ കരുതുന്നതുപോലെ വിദൂരമല്ല. പ്രവാചകന്മാർ നേരിൽവന്ന് പ്രബോധനം ചെയ്ത സമൂഹങ്ങൾക്കുമുമ്പിൽ രണ്ടു മാർഗങ്ങളേയുള്ളൂ. ഒന്നുകിൽ പ്രവാചക സന്ദേശം സ്വീകരിച്ചു ജീവിതം സംസ്കരിക്കുക. അല്ലെങ്കിൽ പ്രവാചകനെ തള്ളിപ്പറഞ്ഞുകൊണ്ട് അധർമത്തിന്റെ പാതയിലൂടെ മുമ്പോട്ടുപോയി നാശഗർത്തത്തിൽ പതിക്കുക. പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് ദൈവധിക്കാരത്തിലുറച്ചു നിൽക്കുന്നവരെ ദൈവിക ന്യായം പൂർത്തീകരിക്കപ്പെട്ടു കഴിയുന്ന മുറക്ക് ശിക്ഷിക്കുക അല്ലാഹുവിന്റെ സുന്നത്ത്-നടപടിക്രമമാണ്.

പക്ഷേ ജനം തീരെ അശ്രദ്ധരാണ്. പ്രവാചകന്റെ ഉപദേശങ്ങളും ഉൽബോധനങ്ങളും അവഗണിച്ചുകൊണ്ടേയിരിക്കുന്നു. ഇവിടെ അവിശ്വാസികളുടെ രണ്ട് അവസ്ഥകൾ ഒരുമിച്ചു പരാമർശിച്ചിരിക്കുന്നു; അശ്രദ്ധ-غفلة-യും അവഗണന-اعراض-യും. ജീവിതത്തിന്റെ അർഥത്തെക്കുറിച്ചും അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ചും നിശ്ചിന്തനായി വർത്തിക്കുകയാണ് ധാർമികമായ അർഥത്തിൽ غفلة. ഇതുതന്നെ മനുഷ്യനെ സംബന്ധിച്ചേടത്തോളം വലിയ ദൗർഭാഗ്യമാണ്. ജീവിതത്തിന്റെ അർഥവും യാഥാർഥ്യങ്ങളും പഠിപ്പിക്കാൻ അല്ലാഹു നിയോഗിച്ച പ്രവാചകന്റെ ഉപദേശങ്ങളും ഉൽബോധനങ്ങളും അവഗണിച്ചുതള്ളുകയാണ് اعراض. ഇത് غفلة ആകുന്ന ദൗർഭാഗ്യത്തെ ശതഗുണീഭവിപ്പിക്കുന്നു. ഈ രണ്ടു ഗുണങ്ങളും ഒത്തുചേർന്ന സമൂഹങ്ങൾക്ക് പ്രവാചക നിയോഗം കൊണ്ട് ഒരു പ്രയോജനവും ലഭിക്കുന്നില്ല. അല്ലാഹുവിന്റെ ഐഹികവും പാരത്രികവുമായ വിചാരണക്ക് വിധേയരാവുകയായിരിക്കും അവരുടെ ഗതി. ഈ ലോകത്ത് ഖുറൈശികൾ അനുഭവിച്ച, അല്ലാഹുവിന്റെ കണക്കുതീർപ്പായിരുന്നു ബദ്ർ സംഭവത്തോടെ സമാരംഭിക്കുകയും മക്കാ വിമോചനത്തോടെ പര്യവസാനിക്കുകയും ചെയ്തത്. ■

**2,3**

مَا يَأْتِيهِم = അവർക്കു വരുന്നില്ല(വന്നെത്തുമ്പോഴും)
مِّن ذِكْرٍ = ഉൽബോധനത്തിൽനിന്ന് (ഏതു ഉൽബോധനം)
مِّن رَّبِّهِم = അവരുടെ വിധാതാവിങ്കൽനിന്ന്
مُّحْدَثٍ = പുതുതായി
إِلَّا اسْتَمَعُوهُ = അവർ അതു കേട്ടിട്ടല്ലാതെ (വൈമനസ്യത്തോടെ മാത്രം കേൾക്കുന്നു)
وَهُمْ يَلْعَبُونَ = അവർ കളിച്ചുകൊണ്ട് (വിനോദത്തിലാമഗ്നരായിക്കൊണ്ട്)
لَاهِيَةً قُلُوبُهُمْ = അവരുടെ മനസ്സുകൾ അശ്രദ്ധമായ നിലയിൽ (അന്യഥാമനസ്കരാകുന്നു)
وَأَسَرُّوا = (അവർ രഹസ്യമാക്കി(മായി)
النَّجْوَى = സ്വകാര്യ സംഭാഷണം (പരസ്പരം സ്വകാര്യം പറയുന്നു)
الَّذِينَ ظَلَمُوا = അക്രമം ചെയ്ത
هَلْ هَٰذَا = ഇതാണോ (ഇയാൾ അല്ലേയോ)
إِلَّا بَشَرٌ = ഒരു മനുഷ്യൻ(മാത്രം) അല്ലാതെ
مِّثْلُكُمْ = നിങ്ങളെപ്പോലെ
أَفَتَأْتُونَ السِّحْرَ = നിങ്ങൾ ആഭിചാരത്തിൽ ചെല്ലു(ചെന്നു ചാടു)കയാണോ
وَأَنتُمْ تُبْصِرُونَ = നിങ്ങൾ (കണ്ടുകൊണ്ട്) കാണുന്നുവെന്നിരിക്കെ

മുൻ സൂക്തത്തിൽ പരാമർശിച്ച അശ്രദ്ധയും അവഗണനയും അവരെ എവിടെ എത്തിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കുകയാണ്. ജനങ്ങളെ അശ്രദ്ധയിൽനിന്നും അവഗണനയിൽനിന്നും ഉണർത്താനും മർത്യജീവിതത്തിന്റെ യാഥാർഥ്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാനും അല്ലാഹു അടിക്കടി ഉൽബോധനങ്ങളും താക്കീതുകളും നൽകിക്കൊണ്ടിരിക്കുന്നുണ്ട്. സൂറഃ *ത്വാഹാ* 113 ാം സൂക്തത്തിൽ അക്കാര്യം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

وَكَذَٰلِكَ أَنزَلْنَـٰهُ قُرْءَانًا عَرَبِيًّا وَصَرَّفْنَا فِيهِ مِنَ ٱلْوَعِيدِ لَعَلَّهُمْ يَتَّقُونَ

أَوْ يُحْدِثُ لَهُمْ ذِكْرًا

(ഇപ്രകാരം നാം ഈ വേദം അറബി ഖുർആനായി അവതരിപ്പിച്ചിരിക്കുന്നു; അതിൽ പലവിധ താക്കീതുകൾ നൽകുകയും ചെയ്തിരിക്കുന്നു; അവർ ദൈവഭക്തരാവുകയോ അല്ലെങ്കിൽ അവർക്ക് ബോധോദയമുണ്ടാവുകയോ ചെയ്യുന്നതിനുവേണ്ടി). അതേപ്പറ്റി പറയുകയാണ്: വിധാതാവിങ്കൽനിന്നുള്ള അത്തരം ഉൽബോധനങ്ങളൊന്നും അവർ പ്രയോജനപ്പെടുത്തുന്നില്ല. ഓരോ പുതിയ ഉൽബോധനം വരുമ്പോഴും തികഞ്ഞ പുഛത്തോടും പരിഹാസത്തോടും കൂടിയാണ് അവരതു കേൾക്കുന്നത്. അവർക്കതു വെറും വിനോദോപാധിയായി മാത്രം കലാശിക്കുന്നു. ദൈവിക സന്ദേശത്തോടുള്ള അശ്രദ്ധയും അവഗണനയും അവരെ അത്രത്തോളം ഉന്മത്തരും അധർമത്തിൽ ഉത്തിഷ്ഠരുമാക്കിയിരിക്കുന്നു. അതിനാൽ വേദപ്രമാണങ്ങളും പ്രവാചക ഭാഷണങ്ങളും അവർ തികച്ചും അന്യമനസ്കരായിട്ടാണ് കേൾക്കുന്നത്. അതു മനസ്സിലാക്കാനോ അതിന്റെ പൊരുളുകളെക്കുറിച്ചാലോചിക്കാനോ ഒട്ടും മിനക്കെടുന്നില്ല. لَاهِيَةً قُلُوبُهُمْ എന്നാണ് മൂലവാക്ക്. لَهْيِ ൽ നിന്നാണ് لاهية ന്റെ ഉൽപത്തി. لَهْيِ ന്റെ മറ്റൊരു രൂപമാണ് لَهْو. വിനോദം, തമാശ എന്നൊക്കെയാണ് സാമാന്യ അർഥം. ഇതിന്റെ പര്യായമാണ് لعب എങ്കിലും لعب നെക്കാൾ അർഥവിശാലതയുള്ള പദമാണ് لَهْو. കളിതമാശകളിൽ ഏർപ്പെടുന്നതിനുപുറമെ അത് കണ്ടു നിൽക്കുന്നതും മനസ്സിനെ അതിൽ വ്യാപൃതമാക്കുന്നതും لهو ആകുന്നു. കൂടാതെ ഒരാളെ ഗുരുതരമായി ബാധിക്കുന്ന മർമപ്രധാനമായ കാര്യങ്ങൾ അവഗണിച്ച് നിരർഥകവും നിസ്സാരവുമായ കാര്യങ്ങളിൽ ഏർപ്പെടുന്നതും അതിനെക്കുറിച്ചു മാത്രം ചിന്തിച്ചുകൊണ്ടിരിക്കുന്നതും لهو ന്റെ അർഥത്തിൽ പെടുന്നു. ഈ അർഥത്തിലാണ് പ്രകൃത സന്ദർഭത്തിൽ لاهية ഉപയോഗിച്ചിരിക്കുന്നത്. രഹസ്യ വർത്തമാനവും സ്വകാര്യ സംഭാഷണവുമാണ് نجوى. അവർ രഹസ്യമാക്കി എന്നാണ് اسرّوا എന്ന വാക്കിന്റെ അർഥം. രഹസ്യമായി സ്വകാര്യ സംഭാഷണം നടത്തുന്നു എന്ന അർഥത്തിലാണ് اسروا النجوى എന്നുപറഞ്ഞിരിക്കുന്നത്.

സമൂഹത്തിൽ ഖുർആന്റെ സ്വാധീനം വർധിച്ചുവരുന്നത് തടയാൻ ഖുറൈശി നേതാക്കൾ സ്വീകരിച്ച ഒരു തന്ത്രം സൂചിപ്പിക്കുകയാണിവിടെ. അവർ സ്വന്തം സഭയിൽവെച്ച് രഹസ്യമായി ഒരു തീരുമാനമെടുത്തു. മുഹമ്മദീയ സന്ദേശത്താൽ സ്വാധീനിക്കപ്പെടുന്നുവെന്ന് കാണുന്നവരെ രഹസ്യമായി സന്ധിച്ച് ഗുണകാംക്ഷികളെന്നോണം ധരിപ്പിക്കുക: അയാളുടെ പ്രബോധനത്തിന്റെ ഗാംഭീര്യവും സൗന്ദര്യവും കണ്ട് അയാളൊരു പ്രവാചകനാണെന്നൊന്നും കരുതേണ്ട. നേരിട്ടു കാണുന്നില്ലേ, നമ്മളെപ്പോലെ ഉണ്ണുകയും ഉറങ്ങുകയും നടക്കുകയും കിടക്കുകയും ചെയ്യുന്ന ഒരു വെറും മനുഷ്യൻ മാത്രമാണയാൾ. അത്തരമൊരാളെ ദൈവം തന്റെ ദൂതനായി നിയോഗിക്കുമെന്ന് വിചാരിക്കുന്നുണ്ടോ? പിന്നെ അയാളുടെ ഭാഷണത്തിന്റെ ശക്തിയും സൗന്ദര്യവും അയാളുടെ സാഹിത്യ പ്രതിഭയുടെയും മാന്ത്രികശക്തിയുടെയും ഫലമാണ്. ഈ പ്രതിഭയും മാന്ത്രിക ശക്തിയുമുള്ള കവികളും പ്രഭാഷകരും നമുക്കിടയിൽ വേറെയും ധാരാളമില്ലേ? അവരൊന്നും ആ കഴിവുകൾ ജനങ്ങളെ പറ്റിക്കാൻ ഉപയോഗിക്കുന്നില്ലെന്നേയുള്ളൂ. ഇയാളാവട്ടെ തന്റെ വിദ്യകളുപയോഗിച്ച് ആളുകളെ പാട്ടിലാക്കി അവരുടെ ആചാര്യനും ദൈവദൂതനുമൊക്കെ ആവാൻ നോക്കുകയാണ്. ഇതൊക്കെ നന്നായി അറിയുന്ന നിങ്ങളെപ്പോലുള്ളവർ അയാളുടെ വലയിൽ ചെന്നു കുടുങ്ങുന്നത് മഹാകഷ്ടമാണ്! ഇവിടെ പ്രവാചകനെതിരെ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ അക്രമം പ്രവർത്തിച്ചവർ എന്ന് വിശേഷിപ്പിച്ചത്, ഈ കുത്സിത നടപടി വഴി അവർ അവരോടുതന്നെയും, മസ്തിഷ്ക്ക പ്രക്ഷാളനം വഴി മറ്റുള്ളവരോടും അതിക്രമം ചെയ്യുന്നു എന്ന നിലക്കാണ്.

ആഭിചാരത്തിനും വശീകരണത്തിനും سحر എന്നുപറയും. പ്രവാചകൻ ഒരു ആഭിചാരകനാണെന്ന് ഖുറൈശികൾ ആരോപിക്കാറുണ്ടായിരുന്നു. ഈയടിസ്ഥാനത്തിൽ أَفَتَأْتُونَ ٱلسِّحْرَ യുടെ താൽപര്യം നിങ്ങൾ ആഭിചാരത്തിനു വിധേയരാവുകയാണോ എന്നാണ്. ആകർഷണം, വശീകരണം എന്ന അർഥത്തിലും سحر ഉപയോഗിക്കാറുണ്ട്. ഈ സന്ദർഭത്തിൽ ഈ അർഥവും ഏറെ പ്രസക്തമാണ്. ഇവിടെ سحر കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് മുഖ്യമായും പ്രവാചകൻ ഓതിക്കേൾപ്പിക്കുന്ന വലിയ വശ്യശക്തിയുള്ള ഖുർആൻ വചനങ്ങളാണ്. അസാധാരണ സൗന്ദര്യവും സ്വാധീനശക്തിയുമുള്ള ഭാഷണങ്ങളെ വശ്യം, മായികം എന്നൊക്കെ എല്ലാ ഭാഷകളിലും വിശേഷിപ്പിക്കാറുണ്ടല്ലോ. ഖുർആന്റെ അസാമാന്യ വശ്യതയും സ്വാധീനശക്തിയും നിഷേധിക്കാൻ അതിന്റെ ആദ്യകാല ശത്രുക്കളൊന്നും ധൈര്യപ്പെട്ടിരുന്നില്ല. അറബി ഭാഷയിലും സാഹിത്യത്തിലും അവഗാഹമുള്ള അവർ അതു സമ്മതിക്കാൻ നിർബന്ധിതരായിരുന്നു. അതുപക്ഷേ അഭൗതികമോ ദൈവികമോ ആയതുകൊണ്ടല്ലെന്നും മാനുഷികമായ സാഹിത്യ പ്രതിഭയുടെയും ഭാഷാനൈപുണ്യത്തിന്റെയും, ഫലമാണെന്നും ആളുകളെ തെറ്റിദ്ധരിപ്പിക്കാനാണവർ ശ്രമിച്ചിരുന്നത്. وَأَنتُمْ تُبْصِرُونَ-നിങ്ങൾ കണ്ടുകൊണ്ട്-എന്ന വാക്യത്തിൽ സംബോധിതരോടുള്ള പ്രീണനവുമുണ്ട്. നിങ്ങൾ വെറും പാമരന്മാരൊന്നുമല്ലല്ലോ. ഞങ്ങൾ പറയുന്ന കാര്യങ്ങളെല്ലാം നേരിട്ടറിവുള്ള ബുദ്ധിമാന്മാരും വിദ്വാന്മാരുമാണ് നിങ്ങൾ. എന്നിട്ടും കേവലം മണ്ടന്മാരെപ്പോലെ അയാളുടെ വലയിൽ ചെന്നുചാടുകയാണോ' എന്നാണവർ ചോദിക്കുന്നത്.

ആറാം നൂറ്റാണ്ടിലെ അവിശ്വാസികൾ ഖുർആനിനെതിരെ ഉന്നയിച്ച ഈ ന്യായങ്ങൾ തന്നെയാണ് ഇക്കാലത്തും ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഭാഷയിലും അവതരണരീതിയിലും മാത്രമേ വ്യത്യാസമുള്ളൂ. ഉള്ളടക്കം അന്നും ഇന്നും ഒന്നു തന്നെയാണ്. ഖുർആൻ മുഹമ്മദ് എന്ന വ്യക്തിയുടെ സൃഷ്ടിയാണ്, അഭൗതികമോ ദൈവികമോ അല്ല, അതിന്റെ പ്രത്യേകതകൾ അയാളുടെ പ്രതിഭയുടെ ഫലമാണ്, തത്തുല്യമായ പ്രതിഭാധനന്മാർക്ക് അതുപോലുള്ള രചനകൾ സാധ്യമാകും...! ഖുറൈശി വിമർശകരിൽ നിന്ന് വ്യത്യസ്തമായി ഇന്നത്തെ വിമർശകരിൽ അറബി ഭാഷയും സാഹിത്യവും ഒട്ടും അറിയാത്ത ചിലർ ഖുർആന്റെ പദാനുപദ പരിഭാഷകൾ വായിച്ച് അതിന്റെ സൗന്ദര്യത്തെയും വശ്യതയെയും ചോദ്യം ചെയ്യാൻ ധൈര്യപ്പെടുന്നുണ്ട്. അന്ധന്മാർ വെളിച്ചത്തെ വിമർശിക്കുന്നതുപോലെയാണിത്.

അസാമാന്യമായ വശ്യതയും സ്വാധീന ശക്തിയും പ്രവാചക വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു. ചിലരെ ഒറ്റ നോട്ടത്തിൽ തന്നെ ആ വ്യക്തിത്വം വശീകരിക്കും. വെല്ലുവിളിക്കാനും ദ്രോഹിക്കാനും എത്തിയവർ പോലും ആ ആജ്ഞാശക്തിക്കു മുമ്പിൽ വിനീതരും വിധേയരുമാകും. പ്രവാചകന് ശിഷ്യ സമ്പത്ത് വർധിക്കാൻ പ്രധാന കാരണമായ ഈ സ്വഭാവ വിശേഷങ്ങളെ ഖുറൈശികൾ ആഭിചാര ശക്തിയായിട്ടാണ് കണക്കാക്കിയിരുന്നത്. ഖുറൈശി നേതാക്കളിൽ പ്രമുഖനായിരുന്ന ഉത്ബത് ബിൻ റബീഅയെ ഒരിക്കൽ ഖുറൈശികൾ പ്രവാചകന്റെ അടുത്തേക്ക് അവരുടെ പ്രതിനിധിയായി അയച്ചു. പ്രവാചകനുമായി എന്തെങ്കിലും ഒത്തുതീർപ്പുണ്ടാക്കി ഇസ്‌ലാമിക പ്രബോധനത്തിൽനിന്ന് പിന്തിരിയാൻ സമ്മതിപ്പിക്കുകയായിരുന്നു ദൗത്യം. ഉത്ബ പ്രവാചകനെ സമീപിച്ച് അദ്ദേഹത്തിന്റെ പ്രബോധനം ഖുറൈശി സമൂഹത്തിൽ സൃഷ്ടിക്കുന്ന കുഴപ്പങ്ങൾ വിസ്തരിച്ചു. ഒടുവിൽ ഉത്ബ പറഞ്ഞു: "എത്ര പണം വേണമെങ്കിലും ചോദിച്ചുകൊള്ളുക; ഞങ്ങൾ തരാം. അതല്ല അധികാരമാണാഗ്രഹിക്കുന്നതെങ്കിൽ ഞങ്ങൾ നിന്നെ രാജാവാക്കി വാഴിക്കാം. ഇനി നിനക്ക് വല്ല മനോരോഗവും ബാധിച്ചതാണെങ്കിൽ സമർഥനായ വൈദ്യനെക്കൊണ്ട് ചികിത്സിപ്പിക്കാം. നിന്റെ ഈ അപകടകരമായ ആശയങ്ങളും അതിന്റെ പ്രചാരണവും അവസാനിപ്പിക്കണം." ഉത്ബ പറഞ്ഞതെല്ലാം ശാന്തമായി കേട്ടശേഷം മറുപടിയായി സൂറഃ *ഹാമീംഅസ്സജദ*യുടെ തുടക്കം മുതൽ 40 ഓളം സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയാണ് പ്രവാചകൻ ചെയ്തത്. തിരിച്ചൊന്നും പറയാനാകാതെ ഉത്ബ ഖുറൈശികളുടെ അടുത്തേക്ക് തിരിച്ചുപോരുകയായിരുന്നു. ഉത്ബ ഖുറൈശികളോടു പറഞ്ഞു: "മുഹമ്മദിനെ വെറുതെ വിട്ടേക്കുക. അയാൾ വ്യാജനാണെങ്കിൽ അറബികളിൽ ആരെങ്കിലും അയാളുടെ കഥ കഴിച്ചുകൊള്ളും. അങ്ങനെ വന്നാൽ ആ കൊലക്ക് നമ്മൾ ഉത്തരവാദികളല്ലല്ലോ. ഇനി അയാളുടെ ആശയം വിജയിക്കുന്നുവെങ്കിലോ, അതു നമ്മുടെയും വിജയമാണല്ലോ. അയാളുടെ വചനങ്ങൾ അത്യാകർഷകങ്ങളാണ്. കവിത, ജ്യോത്സ്യം, ഭ്രാന്ത് എന്നൊന്നും പറഞ്ഞ് അയാളെ തോൽപിക്കാനാവില്ല." 'ഓ ഉത്ബതുബിൻ റബീഅയും മുഹമ്മദിന്റെ ആഭിചാരത്തിൽ വീണു' എന്നായിരുന്നു ഖുറൈശികളുടെ പ്രതികരണം. ഒരിക്കൽ അബൂജഹലിൽനിന്ന് കുറെ പണം കിട്ടാനുണ്ടായിരുന്ന ഒരു അറാശി ഗോത്രജൻ മക്കയിൽവന്നു. അബൂജഹൽ തന്നിൽ നിന്നുവാങ്ങിയ ഒട്ടകത്തിന്റെ വില തരാതെ കുറെ നാളായി പല സൂത്രങ്ങൾ പറഞ്ഞു ഒഴിഞ്ഞുമാറുകയാണെന്നും അതൊന്ന് വാങ്ങിത്തരണമെന്നും അയാൾ ഖുറൈശി പ്രമാണിമാരോടപേക്ഷിച്ചു. അവർ, ഹറമിന്റെ ഒരു മൂലയിൽ ഇരിക്കുകയായിരുന്ന പ്രവാചകനെ ചൂണ്ടിക്കാണിച്ച് 'അദ്ദേഹത്തോട് പറഞ്ഞാൽ കാര്യം സാധിക്കു'മെന്ന് അയാളെ ഉപദേശിച്ചു. വാസ്തവത്തിൽ അവർ ആ അറാശിയെ മക്കാറാക്കുകയായിരുന്നു. മുഹമ്മദ് അറാശിക്കു വേണ്ടി അബൂജഹലിനെ സമീപിക്കാൻ ധൈര്യപ്പെടില്ലെന്നും അഥവാ, ധൈര്യപ്പെട്ടാൽ തന്നെ അബൂജഹൽ അദ്ദേഹത്തെ വിരട്ടിയോടിക്കുമെന്നും അവർക്കുറപ്പായിരുന്നു. അറാശി പ്രവാചകനെ സമീപിച്ച് ആവശ്യമുണർത്തിയപ്പോൾ ഉടനെ പ്രവാചകൻ അയാളെയും കൂട്ടി അബൂജഹലിന്റെ വീട്ടിൽചെന്നു. അദ്ദേഹം അബൂജഹലിനോട് ഈ മനുഷ്യന് കൊടുക്കാനുള്ള പണം കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ആ ആജ്ഞാ ശക്തിക്കുമുമ്പിൽ മറുത്തൊന്നും പറയാൻ അബൂജഹലിനു കഴിഞ്ഞില്ല. അയാൾ അറാശിക്ക് കൊടുക്കാനുള്ള പണം അയാളുടെ കൈയിൽ വെച്ചുകൊടുത്തു. ഇത്തരം അനുഭവങ്ങളെയും പ്രവാചകന്റെ ആഭിചാര ശക്തിയായിട്ടാണ് ഖുറൈശികൾ വ്യാഖ്യാനിച്ചിരുന്നത്. അതുകൊണ്ട് മുഹമ്മദിനെ ആരും സമീപിക്കരുതെന്നും സമീപിച്ചാൽ അദ്ദേഹത്തിന്റെ ആഭിചാരം ബാധിക്കുമെന്നും അവർ ആളുകളെ ഉപദേശിച്ചുകൊണ്ടിരുന്നു. ■


## Matrimonial

മുസ്‌ലിം യുവതി (21/159cm). വെളുത്ത നിറം. സൗന്ദര്യം. ബി.എ.എസ്എൽ.പി(ഓഡിയോളജിസ്റ്റ്) ഫൈനൽ ഇയർ ഇന്റേൺഷിപ്പ്. കോഴിക്കോട് ജില്ല. തുല്യ യോഗ്യതയുള്ളവരോ അധ്യാപകരോ ഫാർമസിസ്റ്റുകളോ ആയ കോഴിക്കോട്, മലപ്പുറം ജില്ലക്കാരായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**8086039214**

മുസ്‌ലിം യുവതി (21/155cm). GNM. കോഴിക്കോട് ജില്ല. പ്രസ്ഥാന കുടുംബം. ദീനീനിഷ്ഠയുള്ള അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9847367935, 9539906285**

മുസ്‌ലിം യുവാവ് (27/168 cm). BA. കോഴിക്കോട് ഫറോക്കിനടുത്ത് താമസം. സർക്കാർ എയ്ഡഡ് കോളേജിൽ ജോലി. സമാന വിദ്യാഭ്യാസവും ദീനീബോധവുമുള്ള യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9745918788**(5 pm-9 am), **8943624078**